പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1316

31/10/2019-ൽ മറുപടിയ്ക്ക്

**<u>കോങ്ങാട് മണ്ഡലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് ഭരണാനുമതി നൽകിയ സ്കൂളുകൾ</u>**

| <u>ചോദ്യം</u><br>ശ്രീ.കെ.വി.വിജയദാസ് | | <u>മറുപടി</u><br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) കോങ്ങാട് മണ്ഡലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് മൂന്നുകോടി രൂപാ വീതം നൽകിയ എത്ര സ്കൂളുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | കോങ്ങാട് മണ്ഡലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് മൂന്നുകോടി രൂപാ വീതം നൽകിയ സ്കൂളുകളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. ജി.എച്ച്.എസ്.മങ്കര,<br>2. ജി.എച്ച്.എസ്.എസ്.കാരാക്കുറിശ്ശി<br>3. ജി.എച്ച്.എസ്. കരിമ്പ<br>4. ജി.എച്ച്.എസ്.എസ്. പൊട്ടശ്ശേരി<br>5. ജി.യു.പി.എസ്. കോങ്ങാട് |
| (ബി) അപ്രകാരം ഭരണാനുമതി നൽകിയ സ്കൂളുകളുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ; | (ബി) | ഇല്ല. ആദ്യ ഘട്ടം നിർമ്മാണ പ്രവർത്തനങ്ങൾക്ക് SPV ആയ കൈറ്റിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. കൈറ്റ് പലവട്ടം ടെണ്ടർ ചെയ്തിട്ടും കരാറുകാരെ ലഭിച്ചിരുന്നില്ല. കൂടാതെ വെള്ളപൊക്കം, തെരഞ്ഞെടുപ്പ് കെട്ടിടം പൊളിച്ചുമാറ്റാൻ ഉണ്ടായ കാലതാമസം എന്നീ കാരണങ്ങളാൽ പ്രവൃത്തികൾക്ക് കാലതാമസം വന്നിരുന്നു. |
| (സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി കെ.ഐ.റ്റി.ഇ. യെ എസ്.പി.വി. ആയി തെരഞ്ഞെടുക്കുകയും പിന്നീട് ആയത് ഇൻകെല്ലിനെ ഏല്പിക്കുകയും ചെയ്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;<br>(ഡി) അതിന്റെ ഭാഗമായി പ്രസ്തുത പ്രവൃത്തിയിൽ കാലതാമസം നേരിടുന്നത് തടയാൻ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; എങ്കിൽ വിശദവിവരം നൽകുമോ? | (സി) & (ഡി) | ഉണ്ട്. മങ്കരയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി SPV ആയ കൈറ്റിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. കൈറ്റ് പലവട്ടം ടെണ്ടർ ചെയ്തിട്ടും കരാറുകാരെ ലഭിച്ചിരുന്നില്ല. ആയതിനാൽ പ്രസ്തുത സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനത്തിനുള്ള SPV ആയി ഇൻകലിനെ നിയമിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>ജി.എച്ച്.എസ്.എസ്.കാരാക്കുറിശ്ശിയുടെ നിർമ്മാണ പ്രവർത്തനവും SPV ആയ കൈറ്റിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. പ്രസ്തുത സ്കൂളിന്റെ നിർമ്മാണത്തിനുള്ള SPV യായി വാപ്കോസ് എന്ന ഏജൻസിയെ ചുമതലപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ജി.എച്ച്.എസ്. കരിമ്പ, ജി.എച്ച്.എസ്.എസ്. പൊട്ടശ്ശേരി, ജി.യു.പി.എസ്. |

കോങ്ങാട് എന്നീ സ്കൂളുകൾക്ക് 2018-19 ൽ ഭരണാനുമതി നൽകുകയും പ്രസ്തുത സ്കൂളുകളുടെ നിർമ്മാണത്തിനുള്ള SPV യായി ഇൻകലിനെ ചുമതലപ്പെടുത്തുകയുമുണ്ടായി. DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ ഇൻകൽ മുഖാന്തിരം നടന്നു വരുന്നു. പ്രവൃത്തികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്

Namitha P

**സെക്ഷൻ ഓഫീസർ**